# കുടുംബശ്രീ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗങ്ങളുടെ പ്രത്യേക അയൽക്കൂട്ടം - പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കൽ ശിൽപശാല - യോഗ നടപടിക്കുറിപ്പുകൾ

*17/06/2017-ന് രാവിലെ 10 മണി*
*കോൺഫറൻസ് ഹാൾ, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്,*
*തിരുവനന്തപുരം.*

**സ്വാഗതം: ശ്രീ. പ്രമോദ്. കെ.വി., പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ സ്റ്റേറ്റ് മിഷൻ**

കുടുംബശ്രീ 2017 ജനുവരി മാസം നടപ്പിൽ വരുത്തിയ 'ദിശ' പ്രത്യേക അയൽക്കൂട്ട രൂപീകരണത്തിന്റെ ഭാഗമായി, പ്രത്യേക വിഭാഗങ്ങളുടെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ട്രാൻസ് ജൻഡർ, തീരദേശ നിവാസികൾ തുടങ്ങിയവർക്കുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലെ ബൈലോയിൽ മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക അയൽക്കൂട്ട നയങ്ങൾ പ്രതിപാദിക്കുന്നു എങ്കിലും, സമഗ്രമായ ഒരു മാർഗരേഖ തയ്യാറാക്കുക എന്നതാണ് ഈ ശിൽപശാലയിലൂടെ കുടുംബശ്രീ ലക്ഷ്യമാക്കുന്നത്.

**ശ്രീ. ജയകുമാർ, കുടുംബശ്രീ മുൻ പ്രോഗ്രാം ഓഫീസർ (മോഡറേറ്റർ)**

മാർഗ്ഗരേഖാ ചർച്ചാക്കുറിപ്പിന്റെ അടിസ്ഥാനത്തിലുള്ള ചർച്ചയും, നിർദ്ദേശങ്ങളും, ആശയങ്ങളും ഉൾപ്പെടുത്തിയ പുതിയ മാർഗ്ഗരേഖ തയ്യാറാക്കലാണ് ഈ ശിൽപശാലയുടെ മുഖ്യലക്ഷ്യം.

**ശ്രീ. ബിജേഷ്, കൺസൽട്ടന്റ്, കുടുംബശ്രീ സംസ്ഥാന മിഷൻ**

നിലവിലെ പി.ഡബ്ല്യൂ.ഡി. മാർഗ്ഗരേഖയിൽ വ്യക്തത കൊണ്ടുവരേണ്ടതുണ്ട്. 'നിലവിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ഒരുമിച്ചാണ് എൻഎച്ച്ജിയിൽ അംഗങ്ങളായി വരുന്നത്. ഇങ്ങനെ വേണോ? അതോ മാറ്റം വരുത്തേണ്ടതുണ്ടോ? പുതിയ പിഡബ്ല്യൂഡിയുടെ മാതൃക ഈ ശിൽപശാലയിൽ നിന്ന് ഉരുത്തിരിഞ്ഞ് വരണം. വെവ്വേറെ അയൽക്കൂട്ടങ്ങൾ വേണോ എന്ന് ചർച്ച ചെയ്ത് നിർദ്ദേശിക്കാവുന്നതാണ്. ഒരോ അയൽക്കൂട്ട ബൈലോ ഖണ്ഡികയിലും രൂപീകരണം മുതൽ ഫണ്ട് വരെയുള്ള വിഷയങ്ങളിൽ കൃത്യമായ ഭേദഗതി കൊണ്ടുവരേണ്ടതുണ്ട്.

<u>**പൊതു ചർച്ച**</u>

**ശ്രീ. ജയ്സൺ.എം. പിറ്റർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ചഡ്, പാങ്ങാപ്പാറ**

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക അയൽക്കൂട്ടം - പ്രത്യേകം തന്നെ വേണം. ശാരീരിക വെല്ലുവിളികൾ നേരിടുന്നവരേക്കാളധികം സങ്കീർണ പ്രശ്നങ്ങളാണ് മാനസിക വെല്ലുവിളികൾ നേരിടുന്നവർ അനുഭവിക്കുന്നത്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് പൊതു അയൽക്കൂട്ട സംവിധാനത്തിന്റെ ഭാഗമായി പ്പോലും പ്രവർത്തിക്കുവാൻ കഴിയും. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടി അവരുടെ രക്ഷകർതൃത്വ പ്രതിനിധിയായി എത്തുന്ന വ്യക്തിക്ക് സൗകര്യപ്രദമായി പ്രവർത്തിക്കുവാൻ തരത്തിലുള്ള

സംവിധാനമാണ് ഒരുക്കേണ്ടത്. തീരുമാനങ്ങൾ എടുക്കുന്നതിനും, സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുമുള്ള അവസരങ്ങളും പ്രാതിനിധ്യവും നൽകേണ്ടതുണ്ട്.

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് അവർ ആവശ്യപ്പെടുന്ന എങ്കിൽ മാത്രം പ്രത്യേക അയൽക്കൂട്ട രൂപീകരണം സാധ്യമാക്കുകയും, അല്ലാ എങ്കിൽ പൊതു എൻഎച്ച്ജി അംഗത്വം ഉറപ്പാക്കുകയും വേണം. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രത്യേക എൻഎച്ച്ജി സംവിധാനം തന്നെ വേണം. തീർച്ചയായും ഉപജീവന ഉപാധികൾ ഉറപ്പാക്കേണ്ടതായിട്ടുണ്ട്. എൻഎച്ച്ജി ഫണ്ട് ലഭ്യമാക്കാൻ കഴിയണം.

**ശ്രീമതി. ലത (ടീച്ചർ മലയീൻകീഴ് ബഡ്സ് സ്കൂൾ)**

സ്കൂളിനോടനുബന്ധിച്ച് രണ്ട് പ്രത്യേക അയൽക്കൂട്ടങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇത് രക്ഷകർത്താക്കൾക്ക് സൗകര്യ പ്രദവും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിന് സഹായിക്കുന്നു.

**ശ്രീ. എൻ. കൃഷ്ണൻ കുട്ടി നായർ (സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ)**

കുട്ടികളെ പ്രതിനിധീകരിച്ച് എത്തുന്ന രക്ഷകർത്താക്കളുടെ പ്രതിനിധീകരണം സംബന്ധിച്ചുള്ള വ്യക്തത ചർച്ച ചെയ്യണം. ഇവരുടെ തിരഞ്ഞെടുപ്പിൽ സ്ത്രീ, പുരുഷ വ്യത്യാസം വേണോ? കുട്ടികൾക്ക് പ്രതിനിധികളേക്കാൾ പ്രാമുഖ്യം നൽകേണ്ടതല്ലേ? കുട്ടികളെ പരിഗണിക്കുന്ന, പരിചരിക്കുന്ന വ്യക്തിക്ക് (സ്ത്രീയായാലും, പുരുഷനായാലും, രക്തബന്ധത്തിൽപ്പെട്ട ആളായാലും) അംഗത്വം നൽകുന്നതിൽ തടസമുണ്ടോ? ഇത്തരം കാര്യങ്ങളിലുള്ള വ്യക്തതയാണ് പ്രധാനമായും ചർച്ച ചെയ്യേണ്ടത്.

**ശ്രീമതി അമൃത.ജി.എസ്. (പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ)**

മാനസിക - ശാരീരിക - പാരാപ്ലീജിയ വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ അംഗത്വാവകാശം പൊതുവിൽ കുടുംബത്തിലെ ഒരു വനിതക്ക് മാത്രമായിരിക്കുമെങ്കിലും, പൊതു മാനദണ്ഡ നിർദ്ദേശങ്ങൾക്കൊപ്പം വൈകല്യമുള്ള വ്യക്തിയുടെ മാതാവിനോ, ബന്ധുവായ (സ്ത്രീയ്ക്കോ) അയൽക്കൂട്ടത്തിലെ ചർച്ചകളിലും, പഠനപ്രവർത്തനങ്ങളിലും, വികസന പ്രവർത്തനങ്ങളിലും പങ്കാളികളാക്കാവുന്നതാണ് (7.1.2) ഇതിൽ പ്രതിനിധ്യത്തിന്റെ കാര്യം പുന. പരിശോധിച്ച് വ്യക്തതവരുത്തണം.

**ശ്രീ. ബെന്നി എബ്രഹാം (പള്ളിപ്പുറം)**

രക്ഷകർതൃത്വം അവകാശപ്പെടുന്ന വ്യക്തിയുടെ, രക്ഷകർതൃത്വം ഏറ്റെടുക്കുന്ന വ്യക്തിയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുണ്ട്. കുട്ടിയെ ചൂഷണം ചെയ്യുന്നില്ല എന്ന് ഉറപ്പു വരുത്തണം.

**ശ്രീമതി. സരള (രക്ഷകർത്താവ് - കരവാരം)**

രക്ഷകർത്താക്കളുടെ മാനസിക സ്ഥിതി കണക്കിലെടുക്കണം. ഇങ്ങനെ ഒരു കുട്ടി ഉള്ള ഒരാൾക്കേ അതിന്റെ വേദന അറിയൂ.

**ശ്രീമതി. ലിസി ശിശുപാലൻ (സി.ഡി.എസ്. സി.പി. കരവാരം)**

പ്രത്യേക അയൽക്കൂട്ടത്തിലേയ്ക്ക് രക്ഷകർത്താകൾ കുട്ടികളുമായി എത്തുന്നില്ല. നിലവിലുള്ളവ അസൗകര്യം കാരണം അയൽക്കൂട്ടം കൂടുന്നുമില്ല. എന്തിന് ഞങ്ങൾ ഇതിലേയ്ക്ക് വരണം? ചോദ്യം ഉന്നയിക്കുന്നുണ്ട്. ഇവർക്ക് വേണ്ടിയുള്ള ഉപജീവനമാർഗങ്ങൾ കണ്ടെത്തിയേ തീരു. എങ്കിൽ സ്വയമേവ എത്തും എന്ന് പ്രതീക്ഷിക്കുന്നു.

**ശ്രീമതി ഹേമലത, ഡിഎംസി കുടുംബശ്രീ മലപ്പുറം**

ചർച്ചാക്കുറിപ്പിലെ 7.1.3., 7.1.6 – ൽ പരാമർശിക്കുന്നതുപോലെ പ്രത്യേക അയൽക്കൂട്ടം രൂപീകരിക്കേണ്ട സാഹചര്യം ജില്ലാ മിഷന്റെ മുൻകൈയിൽ രൂപീകരണ നടപടികൾ നടത്തുന്നതാണ് ഉചിതം.

**<u>പ്രത്യേക അയൽക്കൂട്ട ഘടന ചർച്ച</u>**

ഇതുവരെ നമ്മൾ പ്രാതിനിധ്യം അംഗത്വം എന്നിവ സംബന്ധിച്ചാണ് ചർച്ച നടത്തിയത്. ഇനി ഘടനാ തലത്തിൽ ചർച്ച പുരോഗതിക്കേണ്ടതായുണ്ട്. നിലവിലുള്ള പൊതു സംഘടന –രീതി അവതരണത്തിനായി കൃഷ്ണൻകുട്ടി സാറിനെ ക്ഷണിക്കുന്നു.

**ശ്രീമതി ഹേമലത, ഡിഎംസി കുടുംബശ്രീ മലപ്പുറം**

നിലവിലെ തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡ് അടിസ്ഥാനത്തിലെ എഡിഎസ്സിന് പുറമേ, പ്രത്യേക എഡിഎസ് രൂപീകരിച്ച് നമ്പർ നൽകണം. വോട്ടവകാശം ഉള്ള ഒരു സിഡിഎസ് പ്രതിനിധി അംഗം എന്നിവ പരിഗണിക്കുകയും അതനുസരിച്ചുള്ള ബൈലോ ഭേദഗതിയും ഉണ്ടാകണം.

**ശ്രീ. പ്രമോദ്. കെ.വി., പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ സ്റ്റേറ്റ് മിഷൻ**

ബൈലോ ഭേദഗതി പ്രായോഗിക ബുദ്ധിമുട്ട് വരാൻ സാധ്യതയില്ല എന്ന് കരുതുന്നു. അഫിലിയേഷൻ തടസമില്ലെങ്കിൽ പ്രാതിനിധ്യത്തിന് പ്രശ്നമില്ല. എന്നാൽ പൊതു അയൽക്കൂട്ട സംവിധാനത്തിൽ നിന്നും സിഡിഎസിലേയ്ക്ക് എത്തുന്നവർ, എൻഎച്ച്ജി സ്വന്തം അംഗത്വംകൊണ്ട് പ്രാതിനിധ്യം അവകാശപ്പെടുമ്പോൾ, പ്രാതിനിധിയായി മാത്രം എത്തുന്നവർ (സ്വന്തം നിലയിൽ അയൽക്കൂട്ട അംഗത്വമല്ലാതെ) ഭരണ സമിതി തെരഞ്ഞെടുപ്പ്, ഭാരവാഹിത്വം എന്നിവയിൽ അവകാശം ഉന്നയിക്കുന്നത് പ്രശ്നം സൃഷ്ടിക്കുമോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

**ശ്രീ. എൻ. കൃഷ്ണൻ കുട്ടി നായർ (സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ)**

എന്റെ അഭിപ്രായത്തിൽ തീരുമാനങ്ങൾ എടുക്കുന്നതിൽ വോട്ടവകാശം ഉൾപ്പെടെയുള്ള അവകാശങ്ങൾ ആകാം. എന്നാൽ ഭരണ സമിതി തെരഞ്ഞെടുപ്പ്, ഔദ്യോഗിക ഭാരവാഹിത്വം എന്നിവയിൽ വേണമെന്നില്ല. അത് ഭാവിയിൽ ദുരുപയോഗപ്പെടുത്തുന്നതിനും, കുടുംബശ്രീ സംവിധാനത്തിന്റെ അന്ത:സത്തയ്ക്ക് നിരക്കുന്നതല്ല.

**ശ്രീ. സലീം (പരിവാർ കേരള)**

ഒരു സംവിധാനത്തിൽ ഉൾക്കൊള്ളുമ്പോൾ എല്ലാ വിധ അവകാശത്തോടെയും വേണം ഉൾക്കൊള്ളിക്കേണ്ടത്. എല്ലാ അവകാശവും രക്ഷകർതൃ പ്രതിനിധിയായി എത്തുന്ന വ്യക്തിക്ക് നൽകണം.

**ശ്രീമതി. അംബിക കുമാരി, കുന്നത്തുകാൽ സി.ഡി.എസ്.**

എല്ലാ വിധ അവകാശവും നൽകണം. രണ്ടാം തരം ആൾക്കാരായി കരുതരുത്.

**ശ്രീ. ബിജേഷ്, കൺസൾട്ടന്റ്, കുടുംബശ്രീ സംസ്ഥാന മിഷൻ**

എസ്.സി, എസ്.റ്റി വിഭാഗക്കാർക്ക്, അവരുടെ ത്രിതല സംഘടനാ പ്രാതിനിധ്യം- സംവരണത്തിലൂടെ ഉറപ്പാക്കുന്ന നിലവിലുള്ള സാഹചര്യത്തിലെ സംവിധാനക്രമം പോലുള്ള ഒന്ന്- സാധ്യത ആരായാവുന്നതാണ്.

**ശ്രീ. ജയ്സൺ എം പീറ്റർ**

ഭേദഗതിയെക്കുറിച്ച് ചിന്തിക്കുവാൻ, കുടുംബശ്രീ സംവിധാനത്തിന്റെ ഉള്ളടക്കത്തിന്റെ - അന്ത:സത്തയെമാനിക്കണം. പ്രത്യേക അയൽക്കൂട്ടാംഗ പ്രതിനിധികൾക്ക് അവരുടെ അവകാശ സംരക്ഷണം ഉറപ്പാക്കണം. ദുരുപയോഗ സാധ്യത മുന്നിൽ കാണണം.

**<u>ഉപജീവന പ്രവർത്തന ചർച്ച</u>**

**ശ്രീ. ജയ്സൺ എം. പീറ്റർ**

ഉപജീവന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ബഡ്സ് സ്കൂൾ കേന്ദ്രീകരിച്ചു ചെയ്യാവുന്നവർക്ക് മുൻഗണന നൽകണം. രക്ഷിതാക്കൾക്കൊപ്പം, ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ആയാസരഹിതമായി ചെയ്യാവുന്നതുമായ നൂൽനൂൽപ്പ്, തുടങ്ങിയ ജോലികൾ പ്രായോഗികമാണ്. മിതമായ വരുമാനവും ഉറപ്പാക്കാം.

**ശ്രീമതി. ഷെർലി, ഫാക്കൽറ്റി, NISH**

ഉപജീവനം ചർച്ച ചെയ്യുമ്പോൾ രക്ഷിതാക്കൾക്ക് മാത്രമായി പരിമിതപ്പെടുത്തരുത്. കാലശേഷം കുട്ടി എങ്ങനെ ജീവിക്കും? കാര്യമായി പരിഗണിക്കേണ്ട വിഷയമാണ്. ചൈൽഡ് ഓറിയന്റഡ് ആയ പരിപരാടികൾ ആവിഷ്കരിക്കണം (ASAAP- Exit Programme).

**ശ്രീമതി അമൃത ജി.എസ്., പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ**

ഇപ്പോൾ തന്നെ ഇതിന് വേണ്ടിയുള്ള പ്രത്യേക കരിക്കുലം സാമൂഹ്യനീതി വകുപ്പ് – തയ്യാറാക്കിയിട്ടുണ്ട്. സാധ്യത Green Army, AQUAPONIX വളരെയേറെയാണ്.

**ശ്രീ ജയ്സൺ എം പീറ്റർ**

1995 ബി.ആർ.സി. സ്കൂൾ അദ്ധ്യാപകർ യോഗ്യതാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം. നിലവിലുള്ള സംവിധാനത്തിൽ പലയിടത്തും അപര്യാപ്തത നിലനിൽക്കുന്നു. ചോദ്യം ചെയ്താൽ ഒട്ടേറെ നിയമപ്രശ്നങ്ങൾക്ക് ഞങ്ങൾക്ക് ഇടയാകും.

**ശ്രീമതി. ലതാകുമാരി മലയിൻകീഴ്**

പ്രതിമാസം കേവലം ആയിരം രൂപപോലും പ്രതിഫലമില്ലാതെ സാമൂഹ്യ പ്രതിബന്ധതകൊണ്ട് മാത്രം ഈ രംഗത്ത് മുന്നിട്ടറിങ്ങിയവരെ അവഗണിക്കരുത്.

**ശ്രീ. ജയകുമാർ (മോഡറേറ്റർ)**

ആദ്യകാലങ്ങളിൽ മതിയായ സൗകര്യങ്ങളൊന്നുമില്ലാതെ ഈ സംരംഭം ആരംഭിക്കാൻ മുന്നിട്ടറങ്ങിയവരുടെ നിലനില്പ്പ് തീർച്ചയായും പരിഗണിച്ചിട്ടുണ്ട്. നിർദ്ദിഷ്ട യോഗ്യതാ മാനദണ്ഡം പാലിക്കുന്നവർക്ക് മാത്രമേ വർദ്ധിപ്പിച്ച ശമ്പളാനുകൂല്യങ്ങൾ നൽകുന്നുള്ളു. എങ്കിലും കഴിയാവുന്നത്ര പരിഗണനയോട് കൂടി മറ്റുള്ളവരേയും നിലനിർത്തുന്നു.

**ശ്രീ. എബ്രഹാം**

നൂൽ നൂൽക്കൽ, ഗ്രീൻ ആർമി, കൗതുക വസ്തു നിർമ്മാണം എന്നിവ നല്ല സാധ്യതകളാണ്. കെവികെ നിർദ്ദേശവും മുന്നോട്ടു വയ്ക്കുന്നു.

**ശ്രീ. പ്രമോദ്. കെ.വി., പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ സ്റ്റേറ്റ് മിഷൻ**

ചർച്ചയുടെ അടിസ്ഥാനത്തിൽ എം ഇ മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള മാറ്റം കൊണ്ട് വരേണ്ടതുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ സ്റ്റാർട്ട് അപ് ഫണ്ട് കൊണ്ട് രക്ഷിതാക്കൾക്കും, കുട്ടികൾക്കും ഉള്ള ഉപജീവന പദ്ധതികൾ, നിലവിലുള്ള പദ്ധതികൾ മാതൃകയാക്കി, വിലയിരുത്തി സമഗ്ര പദ്ധതി രൂപീകരണ സാധ്യത തുടക്കം കുറിക്കണം. കൂടാതെ സാമൂഹ്യ നീതി വകുപ്പിന്റെ മുൻകൈയ്യിൽ ബിആർസി, ബഡ്സ്, ഗുണഭോക്താക്കൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുട്ടിട്ടുണ്ടോ എന്നും, വൈകല്യ തിരിച്ചറിയാൻ രേഖ ലഭ്യമാക്കിയിട്ടുണ്ടോ എന്നും ഉറപ്പാക്കണം. ഇവർക്കുവേണ്ടി ഒരു സമഗ്ര ട്രാക്കിംഗ് അനിവാര്യമാണ്.

ശ്രീമതി. ഷെർലി, ഫാക്കൽറ്റി, NISH

ഇവിടെ ചർച്ച ചെയ്ത സംഘടനാ വിഷയങ്ങളിൽ നിഷിന്റെ ഇടപെടലിന് പരിമിതിയുണ്ട്. ചിലത് പ്രസക്തവുമല്ല. കുടുംബശ്രീ വഴി ഒരു Early Intervention ആണ് നിഷ് പ്രതീക്ഷിക്കുന്നത്. ആളുകൾ നിഷിലേയ്ക്ക് എത്തുമ്പോൾ വൈകുന്നു. കമ്മ്യൂണിക്കേഷൻ ഗ്യാപ്പ്, ലാംഗ്വേജ് പ്രശ്നമാണ് ഇപ്പോൾ നേരിടുന്നത്. സോഷ്യലി, എക്കണോമിക്കലി ബാക്ക്വേഡ് ആളുകളാണ് കൂടുതലും വരുന്നത്. ഇവരെ കണ്ടെത്തി, തിരച്ചറിഞ്ഞ് നേരത്തേ ഞങ്ങളിലേയ്ക്ക് എത്തിക്കുവാൻ കുടുംബശ്രീ പ്രവർത്തകർക്ക് കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

**ശ്രീ. ജയകുമാർ (മോഡറേറ്റർ)**

ഇതുവരെയുള്ള ചർച്ചാ വിഷയങ്ങൾ താഴെ പറയും പ്രകാരം ക്രോഡീകരിക്കാം;

- മാനസിക വെല്ലുവിളി നേരിടുന്നവരുടെ അയൽക്കൂട്ടം പ്രത്യേകം തന്നെയാവണം.
- ഈ കുട്ടികളുടെ രക്ഷകർതൃത്വം സംബന്ധിച്ച വ്യക്തമായ നിർവ്വചനം വേണം.

- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക്, പരിമിതികളില്ലെങ്കിൽ പൊതു അയൽക്കൂട്ടങ്ങളുടെ ഭാഗമാവുകയും, ആവശ്യപ്പെടുന്ന പക്ഷം ജില്ലാ മിഷന്റെ അനുമതിയോടെ പ്രത്യേക സംവിധാനവും ആകാവുന്നതാണ്.
- പ്രത്യേക എഡിഎസ് സംസീവധാനം, സിഡിഎസ് സംവിധാനത്തിലേയ്ക്കുള്ള പ്രാതിനിധ്യം ഇവ അംഗങ്ങളുടെ അവകാശ സംരക്ഷണത്തിന് ഊന്നൽ നിൽകി കുടുംബശ്രീ സംവിധാനത്തിന്റെ അന്ത:സത്ത നഷ്ടപ്പെടുത്താതെ, ദുരുപയോഗ സാധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള – ബൈല ഭേദഗതി
- ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം- ഒരു സമഗ്ര പഠന നിർദ്ദേശ പ്രവർത്തനം വേണം.
- Early Intervention കുടുംബശ്രീ സ്ഥാപനങ്ങളുടെ സഹായത്താൽ നടപ്പാക്കണം.
- അനുയോജ്യമായ ഉപജീവന പദ്ധതികളുടെ തെരഞ്ഞെടുപ്പും, പ്രായോഗികമായി നടപ്പാക്കുന്നതിനുമുള്ള കർമ്മ പദ്ധതി.
- ജില്ലാ തല മോണിട്ടറിംഗ് സംവിധാനം, (രക്ഷകർത്തക്കളുടെ പ്രാതിനിധ്യം കൂടി ഉറപ്പാക്കികൊണ്ട്)
- ഇക്കാര്യത്തിൽ നിലനിൽക്കുന്ന തദ്ദേശ സ്വയംഭരണ തലത്തിലുള്ള വൈമുഖ്യം മറികടന്ന് അവരിൽ താത്പര്യം ജനിപ്പിക്കുന്നതിനുള്ള പദ്ധതി.
- 'പാരാപ്ലീജിയ' വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കൽ പ്രവർത്തനം ആരംഭിക്കണം.

ശിൽപശാല 02:30-ന് സമാപിച്ചു:

**പ്രോഗ്രാം ഓഫീസർ (സംഘടന)**
**കുടുംബശ്രീ**